# 135/25-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. താഴെ പറയുന്നവയിൽ മത്സ്യയിനത്തിൽ പെടാത്തവ ഏത് ?
   A) ചെമ്മീൻ B) തിരണ്ടി
   C) ആരൽ D) സക്കർ ഫിഷ്

2. ലോകത്തിലെ ആദ്യത്തെ 6G പരീക്ഷണ ഉപഗ്രഹം വിക്ഷേപിച്ച രാജ്യം
   A) അമേരിക്ക B) റഷ്യ C) ചൈന D) കൊറിയ

3. ആകാശത്തിന്റെ നീല നിറത്തിന് കാരണമായ പ്രതിഭാസത്തിന്റെ പേര്
   A) പ്രകീർണനം B) വിസരണം
   C) പ്രതിഫലനം D) അപവർത്തനം

4. 2022-ലെ ഫിഫ വേൾഡ് കപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായവ ഏതെല്ലാം ?
   I. അർജന്റീന മൂന്നാമതും കപ്പ് നേടി.
   II. പ്ലയർ ഓഫ് ദി ടൂർണമെന്റായി മെസ്സി തെരെഞ്ഞെടുക്കപ്പെട്ടു.
   III. ബ്രസീൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
   IV. കിലിയൻ എംബാപ്പെ ഗോൾഡൻ ബൂട്ട് നേടി.
   A) I, III, IV B) I, II, IV C) II, III, IV D) IV, II, III

5. കേരളത്തിലെ പാരമ്പര്യേതര, ഊർജസ്രോതസ്സുകളെ കുറിച്ച് പഠനം നടത്തുന്ന ഏജൻസി
   A) KSEB B) KUSAT C) ANERT D) NTPC

6. ക്രിക്കറ്റ് ബാറ്റ് നിർമ്മിക്കുന്നത് ഏത് മരത്തിന്റെ തടി കൊണ്ടാണ് ?
   A) വില്ലോമരം B) പൈൻ മരം C) ഓക്ക് മരം D) പ്ലാവ് മരം

7. 'കേരളഗാന്ധി' എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമരസേനാനി
   A) ഖാൻ അബ്ദുൾഗാഫർഖാൻ
   B) K. കേളപ്പൻ
   C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
   D) സഹോദരൻ അയ്യപ്പൻ

8. ലോട്ടറി ആരംഭിച്ച ആദ്യ ഇൻഡ്യൻ സംസ്ഥാനമേത് ?
   A) മേഘാലയ B) സിക്കിം C) കേരളം D) മണിപ്പൂർ

9. ഗാന്ധിജി പങ്കെടുത്ത സമരങ്ങൾ കാലഗണനാക്രമത്തിൽ പട്ടികപ്പെടുത്തുക.
   I. ക്വിറ്റ് ഇന്ത്യാസമരം II. ചമ്പാരൻ സത്യാഗ്രഹം
   III. ചൗരിചൗരാസമരം IV. നിസ്സഹകരണ സമരം
   A) I, II, III, IV B) II, I, III, IV C) IV, I, II, III D) II, III, IV, I

10. ജലത്തിലൂടെ പകരുന്ന ഒരു വൈറസ് രോഗം

A) കോളറ
B) ടൈഫോയിഡ്
C) മഞ്ഞപിത്തം
D) എലിപ്പനി

11. ഉഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതാണ് ?

A) ഹരിയാന
B) ഗോവ
C) ജമ്മുകാശ്മീർ
D) വെസ്റ്റ് ബംഗാൾ

12. ബാരാ-ലാച്ച ലാ ചുരം സ്ഥിതി ചെയ്യുന്നത് ഏത് സംസ്ഥാനത്താണ് ?

A) ഹിമാചൽ പ്രദേശ്
B) ജമ്മുകാശ്മീർ
C) അരുണാചൽ പ്രദേശ്
D) സിക്കിം

13. ജയന്തിയാ (Jaintia) കുന്ന് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ?

A) മിസോറാം
B) ഗുജറാത്ത്
C) മേഘാലയ (Megalaya)
D) ഉത്തർപ്രദേശ്

14. ഗുരുവായൂർ സത്യാഗ്രഹം ഏത് വർഷത്തിലാണ് നടന്നത് ?

A) 1940
B) 1935
C) 1931
D) 1928

15. ഇന്ത്യയുടെ ആദ്യത്തെ ആഭ്യന്തരവകുപ്പ്മന്ത്രി ആരായിരുന്നു ?

A) അബ്ദുൽകലാം ആസാദ്
B) ബീംറാം റാംജി അംബേദ്കർ
C) സർദാർ വല്ലഭായ് പട്ടേൽ
D) ബൽദേവ് സിംഗ്

16. മഹാത്മാഗാന്ധി 1931-ൽ ആരംഭിച്ച മാസികയുടെ പേര് എന്തായിരുന്നു ?

A) യങ് ഇന്ത്യ
B) ദി ഒപ്പിനീയൻ
C) ബംഗാൾ ഗസറ്റ്
D) അൽ-ഹിലാൽ

17. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ് എന്നത് ഭരണഘടനയുടെ ഏത് ആർട്ടിക്കിളിൽ ആണ് പറയുന്നത് ?

A) Article 19
B) Article 14
C) Article 5
D) Article 3

18. ഏത് വർഷത്തിലാണ് നെപ്പോളിയൻ ബൊണപാർട്ട് ഫ്രാൻസിന്റെ കിരീടധാരിയായത് ?

A) 1896
B) 1804
C) 1815
D) 1806

19. Cardamom കുന്ന് ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ?

A) കേരളം
B) തമിഴ്നാട്
C) മഹാരാഷ്ട്ര
D) ഹരിയാന

20. നാഥു ലാ ചുരം ഏത് സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ?

A) സിക്കിം
B) ഹിമാചൽ പ്രദേശ്
C) ജമ്മുകാശ്മീർ
D) ഉത്തരാഞ്ചൽ

21. 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്' എന്ന പ്രഖ്യാപനത്തോടെ ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടിയ സാമൂഹിക പരിഷ്കർത്താവ് ആര് ?

A) അയ്യങ്കാളി
B) വൈകുണ്ഠസ്വാമികൾ
C) കുമാരഗുരുദേവൻ
D) ശ്രീനാരായണഗുരു

22. സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭമായ വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് സവർണ്ണജാഥ സംഘടിപ്പിച്ചതാര് ?

A) ടി. കെ. മാധവൻ
B) മന്നത്ത് പത്മനാഭൻ
C) കെ. കേളപ്പൻ
D) എ. കെ. ഗോപാലൻ

23. വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ലോക്തക്കിൽ സ്ഥിതി ചെയ്യുന്ന ചലിക്കുന്ന ദേശീയോദ്യാനം ഏത് ?

A) കെയ്ബുൾ ലംജാവോ
B) ഡച്ചിഗാം
C) ദിബ്രു സെയ്ഖോവ
D) ഹെമിസ്

24. ദക്ഷിണേന്ത്യയിൽ പല്ലവരുടെ കാലത്ത് രൂപപ്പെട്ട ക്ഷേത്ര നിർമ്മാണ ശൈലി ഏത് പേരിൽ അറിയപ്പെടുന്നു ?

A) കരോലിൻജിയൻ ശൈലി
B) ഗോഥിക് ശൈലി
C) ദ്രാവിഡ ശൈലി
D) ബൈസാന്റിയൻ ശൈലി

25. മടക്കു പർവ്വതങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

i. സംയോജക സീമകളിൽ ശിലാമണ്ഡല ഫലകങ്ങളുടെ സമ്മർദ്ദഫലമായി ശിലാപാളികൾക്ക് വലനം സംഭവിച്ച് രൂപം കൊള്ളുന്നു.

ii. വിയോജക സീമകളിൽ ശിലാമണ്ഡല ഫലകങ്ങളുടെ സമ്മർദ്ദഫലമായി ശിലാപാളികൾക്ക് വലനം സംഭവിച്ച് രൂപം കൊള്ളുന്നു.

iii. ഛേദക സീമകളിൽ ശിലാമണ്ഡല ഫലകങ്ങളുടെ സമ്മർദ്ദഫലമായി ശിലാപാളികൾക്ക് വലനം സംഭവിച്ച് രൂപം കൊള്ളുന്നു.

A) i മാത്രം
B) ii മാത്രം
C) ii & iii
D) ഇവയെല്ലാം (i, ii & iii)

26. തൊഴിൽ പങ്കാളിത്തത്തിലും വരുമാനത്തിലുമുള്ള ലിംഗപദവി വ്യത്യാസങ്ങളുടെ കാരണങ്ങളെക്കുറിച്ച് ഗവേഷണപഠനം നടത്തുകയും 2023-ൽ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം നേടുകയും ചെയ്ത വനിത ആര് ?
    A) വംഗാരി മത്തായി
    B) ക്ലോഡിയ ഗോൾഡിൻ
    C) മദർ തെരേസ
    D) എസ്തർ ഡുഫ്ളോ

27. ധാതുക്കളുടെ ഹൃദയഭൂമി എന്നറിയപ്പെടുന്ന പീഠഭൂമി ഏത് ?
    A) ഡക്കാൻ പീഠഭൂമി
    B) മാൽവാ പീഠഭൂമി
    C) ഛോട്ടാനാഗ്പൂർ പീഠഭൂമി
    D) ഇവയൊന്നുമല്ല

28. ചോളൻമാരുടെ തലസ്ഥാനമായ തഞ്ചാവൂരിൽ സ്ഥിതി ചെയ്യുന്നതും, യുനസ്കോ ലോകപൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ളതുമായ ലോക പ്രശസ്ത ക്ഷേത്രം ഏത് ?
    A) ബൃഹദീശ്വര ക്ഷേത്രം
    B) കൈലാസ ക്ഷേത്രം
    C) ദശാവതാര ക്ഷേത്രം
    D) മാമണ്ടൂർ ഗുഹാക്ഷേത്രം

29. ദാരിദ്ര്യ ലഘൂകരണവും, സ്ത്രീകളുടെ സാമ്പത്തിക ഉയർച്ചയും ലക്ഷ്യമിട്ട് 1998 മെയ് 17-ന് ആരംഭിച്ച ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഏത് ?
    A) ജീവനം പദ്ധതി
    B) കുടുംബശ്രീ
    C) വയോമിത്രം
    D) ആശ്വാസകിരണം

30. 1996 മാർച്ച് 14-ന് നിലവിൽ വന്ന കേരള സംസ്ഥാന വനിതാകമ്മീഷന്റെ ആദ്യ ചെയർപേഴ്സൺ ആയ കവയിത്രി ആര് ?
    A) സാറാ ജോസഫ്
    B) കെ. ആർ. മീര
    C) സുഗതകുമാരി
    D) ബാലാമണിയമ്മ

31. ഹൈക്കോടതികൾക്ക് റിട്ട് പുറപ്പെടുവിക്കാൻ അധികാരം നൽകിയിട്ടുള്ള ഭരണഘടനാ വകുപ്പേത് ?
    A) അനുച്ഛേദം 226
    B) അനുച്ഛേദം 32
    C) അനുച്ഛേദം 40
    D) അനുച്ഛേദം 51A

32. ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദമാണ് ''നിയമത്തിന് മുമ്പിലുള്ള സമത്വം'' നൽകുന്നത് ?
    A) അനുച്ഛേദം 24
    B) അനുച്ഛേദം 14
    C) അനുച്ഛേദം 17
    D) അനുച്ഛേദം 22

33. സർക്കാർ ഉദ്യോഗസ്ഥരോട് തങ്ങളുടെ കടമ നിർവഹിക്കാൻ നിർബന്ധിക്കുന്ന റിട്ട് ?
    A) പ്രൊഹിബിഷൻ
    B) സെർഷ്യോററി
    C) മൻഡാമസ്
    D) ഹേബിയസ് കോർപ്പസ്

34. ഇന്ത്യൻ മൗലിക കടമകൾ ഉൾപ്പെടുത്താൻ ശുപാർശ ചെയ്ത കമ്മിറ്റി ഏതാണ് ?
A) സ്വരൺ സിംഗ് കമ്മിറ്റി
B) കോത്താരി കമ്മിറ്റി
C) ബൽവന്ത് റായ് മേത്ത കമ്മിറ്റി
D) അശോക് മേത്ത കമ്മിറ്റി

35. ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് മൗലിക കടമകളെ കുറിച്ച് പ്രതിപാദിക്കുന്നത് ?
A) അനുച്ഛേദം 51A
B) അനുച്ഛേദം 21A
C) അനുച്ഛേദം 371A
D) അനുച്ഛേദം 243A

36. ലോക മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത് എന്നാണ് ?
A) ജനുവരി 10
B) ഡിസംബർ 10
C) ഒക്ടോബർ 24
D) സെപ്റ്റംബർ 5

37. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിലവിലെ ആക്ടിംഗ് ചെയർപേർസൺ ആരാണ് ?
A) ജസ്റ്റിസ് അരുൺകുമാർ മിശ്ര
B) ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ
C) ജസ്റ്റിസ് എ. എസ്. ആനന്ദ്
D) ശ്രീമതി വിജയ ഭാരതി സയാനി

38. ത്രിവർണ്ണ പതാക ഇന്ത്യയുടെ ദേശീയ പതാകയായി അംഗീകരിച്ചത് എന്നാണ് ?
A) 1947 ജൂലൈ 22
B) 1950 ജനുവരി 26
C) 1946 ഡിസംബർ 13
D) 1948 ഓഗസ്റ്റ് 14

39. ഇന്ത്യയുടെ ദേശീയ ഗീതം രചിച്ചതാരാണ് ?
A) മുഹമ്മദ് ഇഖ്ബാൽ
B) ഭഗത് സിംഗ്
C) കാളിദാസൻ
D) ബങ്കിം ചന്ദ്ര ചാറ്റർജി

40. രവീന്ദ്ര നാഥ ടാഗോർ ബംഗാളിൽ സ്ഥാപിച്ച സർവ്വകലാശാലയുടെ പേര് എന്താണ് ?
A) നളന്ദ
B) വിശ്വഭാരതി
C) ഭാരതിയാർ
D) ലൈസിയം

41. 1888-ൽ അരുവിക്കരയിൽ ശിവപ്രതിഷ്ഠ നടത്തിയ സാമൂഹിക പരിഷ്ക്കർത്താവ്
A) വൈകുണ്ഠ സ്വാമികൾ
B) ശ്രീനാരായണഗുരു
C) അയ്യങ്കാളി
D) ചട്ടമ്പിസ്വാമികൾ

42. കേരളത്തിലെ ആദ്യത്തെ ദേശീയോദ്യാനം
A) ചിന്നാർ
B) പാമ്പാടും ചോല
C) ഇരവികുളം
D) പെരിയാർ

43. കേരളത്തിലെ ഏറ്റവും വലിയ കായൽ
A) അഷ്ടമുടി കായൽ
B) പൂക്കോട് കായൽ
C) ശാസ്താംകോട്ട കായൽ
D) വേമ്പനാട് കായൽ

44. കേരളത്തിൽ നിന്നും ആദ്യമായി ഒളിമ്പിക്സിൽ പങ്കെടുത്ത വനിത
A) ഷൈനി വിൽസൻ
B) പി. ടി. ഉഷ
C) എം. ഡി. വത്സമ്മ
D) അഞ്ജു ബോബി ജോർജ്

45. കേരളത്തിലെ ആദ്യത്തെ ജല വൈദ്യുത പദ്ധതിയായ പള്ളിവാസൽ ഏത് നദിയിലാണ് ?
A) മുതിരപ്പുഴ
B) പെരിയാർ
C) കുന്തിപ്പുഴ
D) ഭാരതപ്പുഴ

46. നീലവിപ്ലവം ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) പാൽ
B) മത്സ്യം
C) കശുവണ്ടി
D) നെല്ല്

47. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ
A) കെ. കേളപ്പൻ
B) പി. കൃഷ്ണപിള്ള
C) എ. കെ. ഗോപാലൻ
D) മന്നത്ത് പത്മനാഭൻ

48. കേരളത്തിലെ ഏറ്റവും ആഴമുള്ള തുറമുഖം ?
A) കൊച്ചി
B) കോഴിക്കോട്
C) ആലപ്പുഴ
D) വിഴിഞ്ഞം

49. കേരളത്തിലെ ആദ്യത്തെ മാതൃകാ മത്സ്യബന്ധന ഗ്രാമം
A) കുമ്പളങ്ങി
B) ചെല്ലാനം
C) താനൂർ
D) ആറാട്ടുപുഴ

50. ആധുനിക കാലത്തെ അത്ഭുതം എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത്
A) വൈക്കം സത്യാഗ്രഹം
B) പാലിയം സത്യാഗ്രഹം
C) ക്ഷേത്രപ്രവേശന വിളംബരം
D) ഗുരുവായൂർ സത്യാഗ്രഹം

51. കാവിയും കമണ്ഡലുവുമില്ലാത്ത സന്യാസി എന്നറിയപ്പെട്ടതാര് ?
A) അയ്യങ്കാളി
B) ശ്രീനാരായണഗുരു
C) ചട്ടമ്പി സ്വാമികൾ
D) സ്വാമി വിവേകാനന്ദൻ

52. അൻപത്തിനാലാമത് ദാദാ സാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ വ്യക്തി
A) മിഥുൻ ചക്രവർത്തി
B) രജനികാന്ത്
C) ആശപരേഖ്
D) അമിതാഭ് ബച്ചൻ

53. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്കെതിരെ നടന്ന കേരളത്തിലെ ആദ്യത്തെ സംഘടിത കലാപം
A) പഴശ്ശി കലാപം
B) മലബാർ കലാപം
C) കല്ലുമാല സമരം
D) ആറ്റിങ്ങൽ കലാപം

54. പൊയ്കയിൽ യോഹന്നാനുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാമാണ് ?

i. ആലപ്പുഴ ജില്ലയിലെ കൈനകരിയിൽ ജനിച്ചു.

ii. കുമാര ഗുരുദേവൻ എന്ന പേരിൽ അറിയപ്പെട്ടു.

iii. ജ്ഞാന പിയൂഷം എന്ന പ്രാർത്ഥനാപുസ്തകം മാന്നാനം പ്രസിൽ നിന്ന് അടിച്ചിറക്കി.

iv. അയിത്ത ജാതിക്കാർക്കായി തിരുവിതാംകൂറിൽ സർക്കാർ അനുമതിയോടെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം തുടങ്ങി.

A) i ഉം ii ഉം B) i ഉം iii ഉം C) ii ഉം iv ഉം D) i ഉം iv ഉം

55. ഇന്ത്യയുടെ രണ്ടാമത്തെ ആണവോർജ്ജ ബാലിസ്റ്റിക്ക് അന്തർവാഹിനി

A) ഐ. എൻ. എസ്. അരിഹന്ത്

B) ഐ. എൻ. എസ്. അരിദമൻ

C) ഐ. എൻ. എസ്. അരിഘാത്

D) ഐ. എൻ. എസ്. സന്ധായക്

56. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡികൾ ഏതെല്ലാം ?

i. മന്നത്ത് പത്മനാഭൻ – സമത്വസമാജം

ii. വി. ടി. ഭട്ടതിരിപ്പാട് – യോഗക്ഷേമസഭ

iii. കുമാര ഗുരുദേവൻ – ആത്മവിദ്യാസംഘം

iv. പണ്ഡിറ്റ് കെ. പി. കറുപ്പൻ – അരയസമാജം

A) i ഉം iii ഉം B) ii ഉം iv ഉം C) i ഉം ii ഉം D) i ഉം iv ഉം

57. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത് എന്ന് ശ്രീനാരായണഗുരു രേഖപ്പെടുത്തിയത് എവിടെ ?

A) അദ്വൈതാശ്രമം

B) ശിവഗിരിമഠം

C) ആനന്ദവല്ലീശ്വരി ക്ഷേത്രം

D) അരുവിപ്പുറം ക്ഷേത്രം

58. ഉപ്പു സത്യാഗ്രഹത്തിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി ഉപ്പുകുറുക്കൽ സമരം നടന്ന സ്ഥലം

A) പയ്യന്നൂർ

B) കോഴിക്കോട്

C) ആലുവ

D) തിരുവനന്തപുരം

59. സ്വാതന്ത്ര്യാനന്തരം ഒരു ഒളിമ്പിക്സിൽ ഇന്ത്യക്കായി രണ്ട് മെഡലുകൾ നേടുന്ന ആദ്യ താരം

A) നീരജ് ചോപ്ര

B) മനുഭാക്കർ

C) പി. ആർ. ശ്രീജേഷ്

D) അമൻ ഷെരാവത്ത്

60. കേരളത്തിലെ മദൻമോഹൻ മാളവ്യ എന്നും ഭാരതകേസരി എന്നും അറിയപ്പെടുന്ന സാമൂഹ്യ പരിഷ്കർത്താവ്

A) കെ. കേളപ്പൻ

B) ശ്രീനാരായണഗുരു

C) മന്നത്ത് പത്മനാഭൻ

D) എ. കെ. ഗോപാലൻ

61. താഴെ തന്നിരിക്കുന്നവയിൽ ഏതു സസ്യവിഭാഗത്തിൽ പെടുന്നതാണ് റിക്സിയ ?
A) ആൽഗ
B) ബ്രയോഫൈറ്റ
C) ജിംനോസ്പേംസ്
D) ടെറിഡോഫൈറ്റ

62. മനുഷ്യന്റെ പൂർണ്ണകാല ഗർഭത്തിന്റെ കാലയളവ് എത്രയാണ് ?
A) 220 മുതൽ 260 ദിവസം
B) 275 മുതൽ 295 ദിവസം
C) 270 മുതൽ 280 ദിവസം
D) 280 മുതൽ 290 ദിവസം

63. തന്മാത്രാ തലത്തിൽ ജീവികളെ തിരിച്ചറിഞ്ഞ് വർഗ്ഗീകരിക്കുന്ന സാങ്കേതികവിദ്യ ഏതു പേരിൽ അറിയപ്പെടുന്നു ?
A) ഡി. എൻ. എ. ബാർകോഡിംഗ്
B) ഡി. എൻ. എ. ഫിംഗർ പ്രിന്റിംഗ്
C) ആർ. എൻ. എ. ഇന്റർഫെറൻസ്
D) ജനിതക എൻജിനീയറിംഗ്

64. താഴെ പറയുന്നവയിൽ ഏതു ഹോർമോൺ ആണ് കൃത്യമായ പ്രജനന കാലഘട്ടമുള്ള ജീവികളിൽ ലൈംഗിക പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ?
A) കോർട്ടിസോൾ
B) തൈമോസിൻ
C) അൽഡോസ്റ്റിറോൺ
D) മെലാടോണിൻ

65. താഴെ തന്നിരിക്കുന്നവയിൽ മനുഷ്യനിൽ സെർവിക്കൽ ക്യാൻസറിനു കാരണമാകുന്ന വൈറസ് ഏത് ?
A) ഹ്യൂമൻ ഇമ്മ്യൂണോഡിഫിഷ്യൻസി വൈറസ്
B) ടുബാക്കോ മൊസൈക്ക് വൈറസ്
C) ഹ്യൂമൻ പാപ്പിലോമ വൈറസ്
D) ഹെപ്പറ്റൈറ്റിസ്. ബി വൈറസ്

66. കേരളത്തെ അംഗപരിമിത സൗഹാർദ്ദ സംസ്ഥാനം ആക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ആരോഗ്യക്ഷേമ പരിപാടി ഏത് ?
A) ഭൂമിക
B) മഴവില്ല്
C) അനുയാത്ര
D) നിസ്സർഗ്ഗ

67. ഡയോക്സിനുമായി ബന്ധപ്പെട്ട പ്രസ്താവനകൾ പരിശോധിച്ച് ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുക്കുക.
i. വിഷാംശം ഉള്ളതും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നതുമായ രാസവസ്തു ആണ് ഡയോക്സിൻ.
ii. കൊഴുപ്പ് കലകളിൽ സംഭരിക്കപ്പെടുന്നു.
iii. വ്യാവസായിക പ്രക്രിയകളുടെ ഉപോല്പന്നങ്ങളാണിവ.
iv. മനുഷ്യരിൽ ഹോർമോൺ വ്യവസ്ഥക്കു തകരാർ ഉണ്ടാകുന്നതിനും, ക്യാൻസറിനും കാരണമാകുന്നു.
A) പ്രസ്താവന i, iv എന്നിവ ശരിയാണ്
B) പ്രസ്താവന iv മാത്രം ശരിയാണ്
C) പ്രസ്താവന ii മാത്രം ശരിയാണ്
D) പ്രസ്താവനകൾ എല്ലാം ശരിയാണ് (i, ii, iii, iv)

68. താഴെ തന്നിരിക്കുന്നവയിൽ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ഗുണമേന്മയുള്ള കൂൺ ഇനം ഏത് ?

A) ഭീമ B) വിജയ് C) സ്വാതി D) P.V. 3

69. അസ്ഥികളുടെ ശരിയായ വളർച്ചക്കും കേടുപാടുകൾ പരിഹരിക്കുന്നതിനും സഹായകമായ സവിശേഷ കോശങ്ങൾ ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും കണ്ടെത്തുക.

A) ന്യൂട്രോഫില്ലുകൾ B) ഒഡന്റോബ്ലാസ്റ്റുകൾ

C) ഓസ്റ്റിയോബ്ലാസ്റ്റുകൾ D) കോൺഡ്രോ സൈറ്റുകൾ

70. വിറ്റാമിൻ $B_{12}$ ന്റെ അപര്യാപ്തത മൂലം ഉണ്ടാകുന്ന രോഗം ഏത് ?

A) സ്കർവി

B) ബെറിബെറി

C) മെഗലോബ്ലാസ്റ്റിക് അനീമിയ

D) ഓസ്റ്റിയോ പോറോസിസ്

71. പ്രോട്ടോണുകളും ന്യൂട്രോണുകളും നിർമ്മിച്ചിരിക്കുന്നത് ക്വാർക്കുകൾ എന്ന കണികകൾ കൊണ്ടാണ്. ഒരു അപ്ക്വാർക്ക് $\frac{+2}{3}e$ ചാർജ് ഉള്ളതും ഒരു ഡൗൺ ക്വാർക്ക് $\frac{-1}{3}e$ ചാർജ് ഉള്ളതും ആണ്. (ഇവിടെ e-ഇലക്ട്രോണിന്റെ ചാർജ് ആണ്) എങ്കിൽ പ്രോട്ടോണിന്റെയും ന്യൂട്രോണിന്റെയും ക്വാർക്ക് സംയോജനം ആകാൻ സാധ്യതയുള്ളത് ഏത് ?

A) പ്രോട്ടോൺ : 2 അപ്ക്വാർക്ക്, 1 ഡൗൺ ക്വാർക്ക്
ന്യൂട്രോൺ : 1 അപ്ക്വാർക്ക്, 2 ഡൗൺ ക്വാർക്ക്

B) പ്രോട്ടോൺ : 1 അപ്ക്വാർക്ക്, 2 ഡൗൺ ക്വാർക്ക്
ന്യൂട്രോൺ : 2 അപ്ക്വാർക്ക്, 1 ഡൗൺ ക്വാർക്ക്

C) പ്രോട്ടോൺ : 3 അപ്ക്വാർക്ക്
ന്യൂട്രോൺ : 3 ഡൗൺ ക്വാർക്ക്

D) പ്രോട്ടോൺ : 3 ഡൗൺ ക്വാർക്ക്
ന്യൂട്രോൺ : 3 അപ്ക്വാർക്ക്

72. ഹൈഡ്രജൻ – ഓക്സിജൻ ഫ്യുവൽ സെല്ലിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനോടൊപ്പം ലഭിക്കുന്ന ഉപോൽപ്പന്നം ഏത് ?

A) കാർബൺ ഡൈ ഓക്സൈഡ്

B) ഹൈഡ്രജൻ പെറോക്സൈഡ്

C) ജലം

D) മീഥേൻ

73. 6 Kg മാസുള്ള ഒരു വസ്തുവിനെ ഭൂമിയുടെ കേന്ദ്രത്തിൽ നിന്ന് ഉപരിതലത്തിലേക്കും അവിടെ നിന്ന് ചന്ദ്രന്റെ ഉപരിതലത്തിലേക്കും കൊണ്ടുപോകുന്നു. വസ്തുവിന്റെ മാസിൽ ഉണ്ടാകുന്ന വ്യത്യാസം എന്ത് ?

A) ഭൂകേന്ദ്രത്തിൽ പൂജ്യം, ഭൂമിയുടെ ഉപരിതലത്തിൽ 6 Kg, ചന്ദ്രന്റെ ഉപരിതലത്തിൽ 1 Kg

B) ഭൂകേന്ദ്രത്തിൽ പൂജ്യം, ഭൂമിയുടെ ഉപരിതലത്തിലും ചന്ദ്രന്റെ ഉപരിതലത്തിലും 6 Kg

C) ഭൂകേന്ദ്രത്തിൽ 6 Kg, ഭൂമിയുടെ ഉപരിതലത്തിൽ 6 Kg-ൽ കൂടുതൽ, ചന്ദ്രന്റെ ഉപരിതലത്തിൽ 6 Kg-ൽ കുറവ്

D) എല്ലായിടത്തും 6 Kg

74. താഴെ തന്നിരിക്കുന്നവയിൽ ഊർജ്ജത്തിന്റെ യൂണിറ്റ് അല്ലാത്തത് ഏത് ?

A) കിലോവാട്ട് ഔവർ

B) എർഗ്

C) ജൂൾ/സെക്കന്റ്

D) $Kg.\ m^2/s^2$

75. സാധാരണയായി നാം ഉപയോഗിക്കുന്ന താപനില സ്കെയിലുകളാണ് സെൽഷ്യസ് സ്കെയിൽ, ഫാരൻഹീറ്റ് സ്കെയിൽ, കെൽവിൻ സ്കെയിൽ എന്നിവ. സാധ്യമായ ഏറ്റവും താഴ്ന്ന താപനില ഈ മൂന്ന് സ്കെയിലുകളിലും എത്രയാണ് ?

A) –273.15°C, –459.69°F, 0 K

B) –273.15°C, –469.59°F, 0 K

C) –212°C, –381.60°F, 0 K

D) –273.15°C, –212°F, –32 K

76. ചലനത്തെ സംബന്ധിച്ച ചില പ്രസ്താവനകൾ തന്നിരിക്കുന്നു.

i. പ്രവേഗം പൂജ്യമായാൽ ത്വരണവും പൂജ്യമായിരിക്കും.

ii. സമപ്രവേഗത്തിൽ സഞ്ചരിക്കുന്ന വസ്തുവിന്റെ ത്വരണം പൂജ്യമാണ്.

iii. നേർരേഖയിൽ സഞ്ചരിക്കുന്ന ഒരു വസ്തുവിന്റെ ദൂരവും സ്ഥാനാന്തരത്തിന്റെ അളവും തുല്യമാണ്.

ഇവയിൽ ശരിയായത്

A) i, ii

B) ii മാത്രം

C) ii, iii

D) i, ii, iii

77. പ്രകാശരശ്മി ഒരു മാധ്യമത്തിൽ നിന്ന് മറ്റൊരു മാധ്യമത്തിലേക്ക് കടക്കുമ്പോൾ അപവർത്തനം സംഭവിക്കാത്ത ചില സാഹചര്യങ്ങൾ താഴെ പറയുന്നു.

i. മാധ്യമങ്ങളുടെ പ്രകാശിക സാന്ദ്രത തുല്യമായാൽ.

ii. പ്രകാശരശ്മി മാധ്യമങ്ങളുടെ വിഭജന തലത്തിൽ ലംബമായി പതിച്ചാൽ

iii. രണ്ട് മധ്യമങ്ങൾക്കും ഒരേ അപവർത്തനാങ്കം ആയാൽ.

ഇവയിൽ ശരിയായവ ഏതെല്ലാം ?

A) i, iii B) ii, iii C) i, ii D) i, ii, iii

78. ഭൂമിക്കു ചുറ്റും കറങ്ങുന്ന ഒരു ഉപഗ്രഹത്തിന്റെ സ്ഥിതികോർജ്ജം E ആണെങ്കിൽ അതിന്റെ ഗതികോർജ്ജവും ആകെ ഊർജ്ജവും എത്ര ?

A) ഗതികോർജ്ജം – E, ആകെ ഊർജ്ജം $\frac{E}{2}$

B) ഗതികോർജ്ജം $-E/2$, ആകെ ഊർജ്ജം $\frac{E}{2}$

C) ഗതികോർജ്ജം 2E, ആകെ ഊർജ്ജം – E

D) ഗതികോർജ്ജം – E, ആകെ ഊർജ്ജം $-E/2$

79. ആവർത്തനപ്പട്ടികയുടെ പിതാവ് മെൻഡലിയേഫ് ആണ്. ആധുനിക ആവർത്തനപ്പട്ടികയുടെ പിതാവ് മോസ്‌ലി ആണ്. ഈ ആവർത്തനപ്പട്ടികകളുടെ അടിസ്ഥാനം എന്ത് ?

A) മെൻഡലിയേഫ് – അറ്റോമിക മാസ്
മോസ്‌ലി – അറ്റോമിക നമ്പർ

B) മെൻഡലിയേഫ് – അറ്റോമിക നമ്പർ
മോസ്‌ലി – അറ്റോമിക മാസ്

C) മെൻഡലിയേഫ് – അറ്റോമിക നമ്പർ
മോസ്‌ലി – അറ്റോമിക നമ്പർ

D) മെൻഡലിയേഫ് – അറ്റോമിക മാസ്
മോസ്‌ലി – അറ്റോമിക മാസ്

80. താഴെ പറയുന്നവയിൽ ഏത് അയിരിനെയാണ് ശക്തമായി ചൂടാക്കി ലോഹം വേർതിരിക്കാവുന്നത് ?

A) ഡോളമൈറ്റ് B) കലാമിൻ

C) സിന്നബർ D) ബോക്സൈറ്റ്

81. ഒരു സമചതുരത്തിന്റെ ഒരു വശം 3 cm ആണ്. അതിന്റെ വികർണത്തിന്റെ നീളം എത്ര ?

A) 3 B) $3\sqrt{2}$ C) $3\sqrt{3}$ D) 6

82. $|x - 1| = |x - 3|$ ആയാൽ x എത്ര ?

A) 0 B) 1 C) 2 D) 3

83. 2, 3, 5,... എന്നിങ്ങനെ തുടരുന്ന ശ്രേണിയുടെ അടുത്ത പദം ഏത് ?

A) 8 B) 9 C) 11 D) 7

84. ഒരു ചതുരത്തിന്റെ ചുറ്റളവ് 80 cm ഉം പരപ്പളവ് 384 ച. സെ. മീ. ഉം ആയാൽ വശങ്ങളുടെ തുക എത്ര ?

A) 40 cm B) 192 cm
C) 120 cm D) ഇവയൊന്നുമല്ല

85. ചതുർഭുജം : 1 : : ഷഡ്ഭുജം :

A) 4 B) 3 C) 6 D) 5

86. $\frac{1}{8} + \frac{1}{16}$ന്റെ ദശാംശരൂപം എത്ര ?

A) 0.8750 B) 1.875 C) 0.1875 D) 0.01875

87. (x – 2) ഒരു ബഹുപദത്തിന്റെ ഘടകമാണ് എങ്കിൽ P(2) എത്ര ?


A) 1 B) 0
C) –1 D) ഇവയൊന്നുമല്ല


88. 5 പദങ്ങളുടെ തുക 145 ആയാൽ 3-ാം പദം എത്ര ?


A) 29 B) 27 C) 31 D) 33


89. താഴെ കൊടുത്തിരിക്കുന്നവയിൽ പൂർണ വർഗം ഏത് ?

A) $5^5$ B) $5^7$ C) $5^6$ D) $5^3$

90.  , ________

A) 

B) 

C) 

D) ഇവയൊന്നുമല്ല

91. ഒരു മട്ടത്രികോണത്തിന്റെ 2 കോണുകൾ തുല്യമാണ്. തുല്യമായ കോണുകൾ എത്ര ?

A) $30^\circ$ B) $35^\circ$ C) $40^\circ$ D) $45^\circ$

92. $\frac{3}{8}$-നെ ഒരു സംഖ്യകൊണ്ട് ഹരിച്ചപ്പോൾ $\frac{8}{3}$ കിട്ടി. എങ്കിൽ ഏത് സംഖ്യ കൊണ്ടാണ് ഹരിച്ചത് ?

A) $\frac{24}{9}$ B) $\frac{64}{9}$ C) $\frac{27}{64}$ D) $\frac{9}{64}$

93. $3^3$, $5^5$, $7^7$ ഇവയെ ഓരോന്നിനെയും 2 കൊണ്ട് ഹരിച്ചാൽ ശിഷ്ടം എത്ര ?

A) 1 B) 2 C) $3^2$ D) 4

94. ഒരു ക്രിക്കറ്റ് കളിക്കാരൻ 9 ഇന്നിംഗ്സിലായി ശരാശരി 36 റൺസ് എടുത്തിട്ടുണ്ട്. അടുത്ത രണ്ട് ഇന്നിംഗ്സിൽ ആകെ എത്ര റൺസ് എടുത്താൽ ശരാശരി 40 ആകും ?

A) 116 B) 110 C) 120 D) 115

95. $4^x = 1024$ ആയാൽ $4^{x-1}$ എത്ര ?

A) 128 B) 256 C) 512 D) 484

96. പഞ്ചഭുജം : $108^\circ$ : : നവഭുജം :

A) $120^\circ$ B) $150^\circ$ C) $130^\circ$ D) $140^\circ$

97. 2, 8, 32, ______

A) 64 B) 72 C) 128 D) 100

98. $\frac{1}{3.2} = 0.3125$ ആണ്. $\frac{1}{0.032} =$

A) 0.003125 B) 0.03125 C) 31.25 D) 312.5

99.

| | |
|---|---|
| II | ≡ |
| – | |

, വിട്ടുപോയ കള്ളി പൂരിപ്പിക്കുക.

A) = B) IIII C) ≣ D) III

100. $\left(25\frac{1}{2}\right)^2$ എന്താണ് ?

A) $625\frac{1}{4}$ B) $626\frac{1}{4}$ C) $637\frac{1}{4}$ D) $650\frac{1}{4}$

## Space for Rough Work